(ഡി) സർക്കാർ അനുവദിച്ച മിച്ചഭൂമിയിൽ അപേക്ഷിച്ച ആവശ്യത്തിന് ഉപയോഗിക്കാത്തതിന്റെ പേരിൽ 2.46 ഏക്കർ സ്ഥലം 2001 മുതൽ നാളിതുവരെ തിരിച്ചെടുത്തിട്ടുണ്ട്. പതിവ് ലഭിച്ച ഭൂമി ഏറ്റെടുക്കാത്തതിനാലാണ് 2.46 ഏക്കർ സ്ഥലവും തിരിച്ചെടുത്തത്. വയനാട് ജില്ലയിലാണ് 2.46 ഏക്കർ സ്ഥലവും തിരിച്ചെടുത്തത്.

വാഗമൺ മേഖലയിൽ ഭൂമി കയ്യേറ്റം

156 [2594] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*

" *എം. കെ. പോൾസൺ മാസ്റ്റർ:*

" *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ മേഖലയിൽ എത്ര ഭൂമി കയ്യേറ്റക്കാരുണ്ട്;

(ബി) ഇവരിൽ എത്രപേർ കയ്യേറ്റഭൂമി ഒഴിപ്പിക്കുന്നതിനെതിരെ സ്റ്റേ വാങ്ങിയിട്ടുണ്ട്;

(സി) അവരുടെ കൈവശത്തിലുള്ള ഭൂമി എത്രയാണ്; അവിടെ എന്തെല്ലാം വിധത്തിലുള്ള വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ഡി) ഈ സ്റ്റേ വെക്കേറ്റു ചെയ്യുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ഇ) വാഗമണ്ണിലെ കയ്യേറ്റക്കാരെ സംബന്ധിക്കുന്ന മധേക്കർ റിപ്പോർട്ടിലെ പ്രധാന ശുപാർശകളെന്തെല്ലാമാണ്; ഈ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 4731 അനധികൃത കയ്യേറ്റക്കാരുണ്ട്.

(ബി) ഒരാൾ സ്റ്റേ വാങ്ങിയിട്ടുണ്ട്.

(സി) 1.25 ഏക്കർ സ്ഥലം കൈവശമുണ്ട്. അതിൽ കെട്ടിടങ്ങൾ, കുളങ്ങൾ എന്നിവ നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

(ഡി) സ്റ്റേ ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) മധേക്കർ റിപ്പോർട്ടിൽ വാഗമൺ പ്രദേശത്ത് ഭൂമി കയ്യേറ്റം നടത്തിയ 23 വ്യക്തികളുടെ പേരുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ കോപ്പി ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly